പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

# അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2722 — 10.07.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി. സത്യൻ** | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ തൊഴിൽ ലഭ്യത ഉറപ്പാക്കിയ എത്ര കുടുംബങ്ങളുണ്ട്; | (എ) | അയ്യങ്കാളി പദ്ധതി പ്രകാരം 1,46,268 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 47,872 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | പദ്ധതി രൂപീകരണത്തിനുശേഷം ഓരോ വർഷവും ബഡ്ജറ്റിൽ നീക്കിവെച്ച തുകയെത്ര; ചെലവഴിച്ചതെത്ര; | (ബി) | അയ്യങ്കാളി പദ്ധതികൾക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ആയതിൽ നിന്നും മുഴുവൻ തുക വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. 2013-14 സാമ്പത്തിക വർഷത്തിൽ 12.16 കോടി രൂപ വകയിരുത്തിയതിൽ 2,28,60,372/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ 30 കോടി രൂപയിൽ 7,48,30,354/- രൂപ ചെലവഴിച്ചു. 2015-16 സാമ്പത്തിക വർഷത്തിൽ പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തിയിട്ടുള്ളതാണ്. |
| (സി) | പണിയെടുത്ത തൊഴിലാളികൾക്ക് കുടിശ്ശികയിനത്തിൽ കൊടുത്തുതീർക്കാനുള്ള തുകയെത്രയെന്ന് പറയാമോ; | (സി) | കുടിശ്ശികയിനത്തിൽ തൊഴിലാളികൾക്ക് 34,19,784/- രൂപ കൊടുത്തു തീർക്കുവാനുണ്ട്. |
| (ഡി) | ഇതിനകം എത്ര തൊഴിൽദിനങ്ങൾ ഓരോ വർഷവും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്? | (ഡി) | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 12,296 തൊഴിൽ ദിനങ്ങളും 2013-14 സാമ്പത്തിക വർഷത്തിൽ 3,68,550 തൊഴിൽ ദിനങ്ങളും 2014-15 സാമ്പത്തിക വർഷത്തിൽ 3,20,526 തൊഴിൽ ദിനങ്ങളും ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 56343 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ